പതിനാറാം കേരളനിയമസഭ
(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി X
(SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
(FOREST, ENVIRONMENT AND TOURISM)

പീരിയോഡിക്കൽ റിപ്പോർട്ട്
(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2026)

കേരളം നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct
of Business in the Keralam Legislative Assembly]

2026 ഒക്ടോബർ 27 തീയതി സമർപ്പിച്ചത്

(Presented on 27th of October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി X
(SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
(FOREST, ENVIRONMENT AND TOURISM)

പീരിയോഡിക്കൽ റിപ്പോർട്ട്
(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2026)

കേരളം നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	4

സബ്ജക്ട് കമ്മിറ്റി X

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
(2026–2028)

ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീ. ഷിബു ബേബി ജോൺ,
വനം, വന്യ ജീവി – നൈപുണ്യ വികസന വകുപ്പ് മന്ത്രി

എക്സ്-ഒഫിഷ്യോ അംഗങ്ങൾ:

ശ്രീ. സണ്ണി ജോസഫ്,
വൈദ്യുതി, പരിസ്ഥിതി–പാർലമെന്ററികാര്യ വകുപ്പ് മന്ത്രി
ശ്രീ. പി. സി. വിഷ്ണുനാഥ്,
വിനോദസഞ്ചാര– സാംസ്കാരിക വകുപ്പ് മന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. സി. കെ. കാസിം

ശ്രീ. പഴകുളം മധു

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. പ്രേമൻ

ശ്രീ. രമേശ് പിഷാരടി

ശ്രീ. എം. വിജിൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഷാജി. സി. ബേബി,സെക്രട്ടറി

ശ്രീമതി. റീന വി. ആർ.,ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീജ. പി. കെ.,ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീന.കെ.,അണ്ടർ സെക്രട്ടറി

അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരളം നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരളനിയമസഭയുടെ 2021 ജൂൺ 7-ാം തീയതിയിലെ 23-ാം നമ്പർ ബുള്ളറ്റിൻ ഭാഗം -2 പ്രകാരം 2021-23 കാലയളവിലേക്കായും 2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2023-26 കാലയളവിലേക്കായും രൂപീകൃതമായ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ൽ 11 അംഗങ്ങളാണുണ്ടായിരുന്നത്. 2026 ജൂൺ 23 തീയതിയിലെ ബുള്ളറ്റിൻ നമ്പർ 25 ഭാഗം -2 പ്രകാരം രൂപീകൃതമായ നിലവിലെ 16-ാം കേരളനിയമസഭയുടെ 2026-28 കാലയളവിലേക്കുള്ളത് സബ്ജക്ട് കമ്മിറ്റിയിൽ 11 അംഗങ്ങളാണുള്ളത് .

പതിനഞ്ചാം കേരളം നിയമസഭയുടെ 2023-2026 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി X, 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 04.04.2025, 18.09.2025, 15.01.2026, 06.02.2026, 11.02.2026,19.02.2026 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 45% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും, ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച

സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2026 ഒക്ടോബർ 26 – ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഷിബു ബേബി ജോൺ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി X.

തിരുവനന്തപുരം,
2026, ഒക്ടോബർ – 27 .

റിപ്പോർട്ട്

അധ്യായം I
സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 18.09.2025 തീയതിയിൽ ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2025 സെപ്റ്റംബർ 19-ആം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2024-2025 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 18.09.2025 തീയതിയിൽ ചേർന്ന സമിതി യോഗം അംഗീകരിക്കുകയും ബില്ലുകളിന്മേലുള്ള റിപോർട്ടുകൾ 2025 സെപ്റ്റംബർ 19-ആം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. സമിതിയുടെ 2026-2027 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് 2026 ഫെബ്രുവരി 19 ആം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2026 ഫെബ്രുവരി 23 ആം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം II
സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2025 ലെ കേരള വന (ഭേദഗതി ബിൽ), 2025-ലെ വന്യ ജീവി സംരക്ഷണം(കേരള ഭേദഗതി) ബിൽ എന്നിവ 18.09.2025 തീയതിയിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ബില്ലുകളിന്മേലുള്ള റിപ്പോർട്ടുകൾ 2025 സെപ്റ്റംബർ 19-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം III
സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായ് ചട്ടങ്ങൾ/SRO-കൾ ലഭിച്ചിട്ടില്ല.

അദ്ധ്യായം IV
നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം235 (എ) പ്രകാരം സമിതി 04.04.2025-ന് യോഗം ചേരുകയും കേരളത്തിലെ ഇക്കോ സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി കൊടികുത്തിമല ഇക്കോ ടൂറിസം സെന്ററിന്റെ നാളിതു വരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

(KLS/2717/2025-Subc F1)

അദ്ധ്യായം V

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

സാമ്പത്തിക വർഷം	ധനാഭ്യർത്ഥന നമ്പർ	ബന്ധപ്പെട്ട വകുപ്പ്	സഭയുടെ മേശപ്പുറത്ത് വച്ച തീയതി
2024-25 [കാലതാമസ പത്രിക സഹിതം]	XXXIV - വനം	വനം വന്യജീവി വകുപ്പ്	06-10-2025
2024-2025	XLII-വിനോദസഞ്ചാരം	വിനോദസഞ്ചാര വകുപ്പ്	06-10-2025

അദ്ധ്യായം VI

(എ) 2025-26 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ സംഗ്രഹം

റിപ്പോർട്ട്	ആകെ ശിപാർശകൾ	മറുപടി ലഭിച്ച ഖണ്ഡികകളും വകുപ്പും	മറുപടി ലഭിക്കാനുള്ള ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പും
വനവും പരിസ്ഥിതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്(2025-2026)	33	1-14(വനം-വന്യജീവി (ഡി)വകുപ്പ്) 19-33(വിനോദസഞ്ചാര(സി) വകുപ്പ്)	15-18(പരിസ്ഥിതി വകുപ്പ്)

ഫയൽനമ്പർ:KLS/3343 /2025-Subc F1			
വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്(നൈപുണ്യവികസനവുമായി ബന്ധപ്പെട്ടത്)	22	12-24,42(തൊഴിലും നൈപുണ്യവും(സി)വകുപ്പ്) 27,30(തൊഴിലും നൈപുണ്യവും (ജി) വകുപ്പ്) 28,29,31-33(തൊഴിലും നൈപുണ്യവും (ജി) വകുപ്പ്) 34(തൊഴിലും നൈപുണ്യവും (ജി) വകുപ്പ്)	

ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അതത് വർഷങ്ങളിലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

ഈ കാലയളവിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ഒന്നും പരിഗണിച്ചിട്ടില്ല.

ഷിബു ബേബി ജോൺ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി X.

തിരുവനന്തപുരം,
2026 ഒക്ടോബർ 26 .

അനുബന്ധം II

സമിതിയുടെ 04.04.2025-ലെ മലപ്പുറം ജില്ലയിലെ കൊടികുത്തിമല സന്ദർശന യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ക്റ്റ് കമ്മിറ്റി X, 2025 ഏപ്രിൽ മാസം 4-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 10.00-ന് മലപ്പുറം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന സമിതിയംഗങ്ങൾ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.
2. ശ്രീ. മിഥുൻമോഹൻ എസ്.ബി., അസിസ്റ്റന്റ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്., നിലമ്പൂർ നോർത്ത്.
3. ശ്രീ. മെഹറാലി എൻ. എം., എ.ഡി.എം., മലപ്പുറം
4. ശ്രീ. ധനിക്‌ലാൽ ജി., ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത്.
5. ശ്രീ. മുബാഷിർ പി.റ്റി., ആർ.എഫ്.ഒ., നിലമ്പൂർ സൗത്ത്
6. ശ്രീ. മുജീബ് റഹ്മാൻ പി. കെ., ആർ.എഫ്.ഒ.

സമിതി മലപ്പുറം ജില്ലയിലെ കൊടികുത്തിമല ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം-വന്യജീവി വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) യിൽ വ്യവസ്ഥ ചെയ്ത പ്രകാരം കേരളത്തിലെ ഇക്കോ ടൂറിസം സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി കൊടികുത്തിമല ഇക്കോ ടൂറിസം സെന്ററിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിനായാണ് ഇവിടെ യോഗം ചേരുന്നതെന്ന് ആമുഖമായി ഡെപ്യൂട്ടി സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് അറിയിച്ചു.

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൊടികുത്തിമലയിൽ 129 ഹെക്ടർ വനഭൂമിയാണുള്ളതെന്നും നിലവിൽ എൻട്രൻസ് ഗേറ്റ്, ബേസ് സ്റ്റേഷൻ, വ്യൂ പോയിന്റ്സ്, സോളാർ സ്ട്രീറ്റ് ലൈറ്റ്, വാട്ടർ സ്റ്റോറേജ് സ്പേസ്, വനശ്രീയുടെ ഇക്കോ ഷോപ്പ്, വിവിധ ഫണ്ട് മുഖാന്തരം നിർമ്മിച്ച റോഡുകൾ, ചെയിൻ ലിങ്ക് ഫെൻസിംഗ്, കഫറ്റീരിയ, വാച്ച് ടവർ എന്നിവയാണുള്ളതെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത്, സമിതി മുമ്പാകെ അറിയിച്ചു.

സമുദ്രനിരപ്പിൽ നിന്നും 522 മീറ്റർ ഉയരത്തിലാണ് കൊടികുത്തിമല സ്ഥിതി ചെയ്യുന്നെതന്നും ഉയരത്തിലുള്ള പുൽമേടും പെട്ടെന്നുമാറുന്ന കാലാവസ്ഥയും 360 ഡിഗ്രി കാഴ്ച പ്രദാനം ചെയ്യുന്നതും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണെന്നും ടി പ്രദേശത്തെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഒരു വർക്കിംഗ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും അതിൽ, ഫ്രൂട്ട് ട്രീ ഗാർഡൻ, ബട്ടർഫ്ലൈ ഗാർഡൻ, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയും Bamboos, അശോകവനം തുടങ്ങിയ theme gardens-ഉം വാച്ച് ടവറിന് മുകളിൽ ടെലസ്കോപ്പ്, ട്രക്കിങ്ങിനുവേണ്ടി stone pitched walkway, animal base theme park, walkways, വിശ്രമിക്കുന്നതിനുള്ള സ്ഥലങ്ങൾ, കുടിവെള്ളം, കുട്ടികളുടെ പാർക്ക്, tent accommodation എന്നിവ ഉൾപ്പെട്ടിട്ടുണ്ടെന്നും ഏകദേശം മൂന്നുകോടി രൂപയുടെ പ്രൊജക്ടാണിതെന്നും പ്രസ്തുത സെന്റർ വയോജനസൗഹൃദമല്ലെന്ന പരാതി

നിലനിൽക്കുന്നതിനാൽ പ്രവേശന കവാടത്തിൽ നിന്നും വാച്ച് ടവർ വരെ പ്രായമായവർക്ക് എത്തിച്ചേരുന്നതിനായി വാഹനസൗകര്യം ഏർപ്പെടുത്തണമെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത്, കൂട്ടിച്ചേർത്തു.

വന്യമൃഗശല്യമില്ലാത്തതിനാൽ വികസന സാധ്യതയുള്ള സ്ഥലം കൂടിയാണിതെന്നും പെട്ടെന്ന് കാലാവസ്ഥയിൽ വ്യതിയാനം വരുന്നതിനാൽ tent accomodation ആരംഭിച്ചാൽ രാത്രികാലങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ സാധിക്കുമെന്നും വനംവകുപ്പിന്റെ വർക്കിംഗ് പ്ലാൻ സ്ട്രക്ച്ചറിന്റെയുള്ളിൽ നിന്നുകൊണ്ടാണ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതെന്നും കൂടാതെ അടുത്തകാലത്ത് നടത്തിയ പക്ഷി സർവേയിൽ 120-ഓളം പക്ഷി വർഗ്ഗത്തെ ഇവിടെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നും Natural Tourisam-ത്തിന്റെ ഭാഗമായി ചിത്രശലഭങ്ങളേയും പക്ഷികളെയും തിരിച്ചറിയുന്നതിനായി കാറ്റലോഗ് തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുയാണെന്നും ബട്ടർഫ്ലൈസ് ഓഫ് കൊടികുത്തിമല, ബേർഡ്സ് ഓഫ് കൊടികുത്തിമല എന്നീ ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് വിജ്ഞാനപ്രദമായ കാര്യങ്ങൾ കൂടി ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത് സമിതി മുമ്പാകെ അറിയിച്ചു.

കോവിഡ് കാലത്ത് പൂർണ്ണമായും അടഞ്ഞു കിടന്ന കൊടികുത്തിമല ഇക്കോ ടൂറിസം സെന്റർ മന്ത്രിയുടെ സഹകരണത്തോടുകൂടിയാണ് തുറന്നുപ്രവർത്തിക്കാൻ സാധിച്ചതെന്നും വാച്ച് ടവർ പോയിന്റ് മുതൽ പ്രവേശന കവാടം വരെയുള്ള ഭാഗം പുല്ലുപിടിച്ച് കിടന്നത് പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെയാണ് വൃത്തിയാക്കിയതെന്നും വനസംരക്ഷണ സമിതി സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും ടി കാലയളവിനുള്ളിൽ ഒരു കോടി രൂപയുടെ വരുമാനം നേടാൻ സാധിച്ചിട്ടും അതിനനുസൃതമായ വികസന പ്രവർത്തനങ്ങൾ വനംവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നുള്ളത് പോരായ്മയായാണെന്നും സമിതിയംഗം നിരീക്ഷിച്ചു. കൂടാതെ രാവിലെ 8.00 മുതൽ 5.00 മണി വരെയുള്ള നിലവിലെ സമയക്രമത്തിൽ മാറ്റം വരുത്തിക്കൊണ്ട് സഞ്ചാരികൾക്ക് സൂര്യോദയവും സൂര്യാസ്തമയവും കാണാനുള്ള സൗകര്യമൊരുക്കണമെന്നും സമിതിയംഗം നിർദ്ദേശിച്ചു.

പ്രസ്തുത സ്ഥലത്തിന്റെ ഏറ്റവും നല്ല വ്യൂ പോയിന്റ് ഫോറസ്റ്റ് വകുപ്പിന്റെ അധീനതയിലുള്ള പ്രദേശത്താണെങ്കിലും അത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ലെന്നും സ്വകാര്യ ഏജൻസികൾ പരിമിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി അവിടെ റിസോർട്ടുകൾ ആരംഭിച്ച് വരുമാനമുണ്ടാക്കുകയാണെന്നും തന്മൂലം വകുപ്പിന് ലഭിക്കേണ്ട തനത് വരുമാനം നഷ്ടപ്പെടുകയാണെന്നും അതിനാൽ ടെന്റ് ഹൗസ് സ്ഥാപിച്ചുകൊണ്ട് വരുമാനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതിയംഗം കൂട്ടിച്ചേർത്തു.

ഏറ്റവും ഉയർന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമായതിനാൽ ഇടിമിന്നലുണ്ടായാൽ വൈദ്യുതിലൈനുകളെ ബാധിക്കുന്നുണ്ടെന്നതിനാൽ കെ.എസ്.ഇ.ബി.യുടെ നിർദേശപ്രകാരം ത്രീ ഫേസ് ലൈൻ കണക്ഷനാണ് എടുത്തിട്ടുള്ളതെന്നും ത്രീ ഫേസ് കണക്ഷന്റെ ടെർമിനൽ എൻഡിൽ ഇടിമിന്നൽ പതിക്കുന്നതുകൊണ്ട് ഇലക്ട്രിക് ഉപകരണങ്ങൾ മൊത്തം കത്തിപ്പോവുകയാണെന്നും ഓരോ വർഷവും രണ്ടു-മൂന്ന് ലക്ഷം രൂപയുടെ ഇലക്ട്രിക് ഉപകരണങ്ങൾ മാറ്റേണ്ട അവസ്ഥയാണുള്ളതെന്നും ആയതിനാൽ ടെന്റ് ഹൗസ് ഇടിമിന്നൽ ബാധിക്കാത്ത സ്ഥലത്തുവേണം നിർമ്മിക്കേണ്ടതെന്ന് ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത് സമിതി മുമ്പാകെ ബോധിപ്പിച്ചു.

വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നുണ്ടെന്നും ഭൂഗർഭജല വകുപ്പിന്റെ സഹായത്തോടെ കുഴൽക്കിണർ നിർമ്മിക്കുന്നതിന് അവരുടെ മെഷീനുപയോഗിച്ച് കുഴിച്ചാൽ വെള്ളം ലഭിക്കില്ലെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത് ബോധിപ്പിച്ചതിന് മഴവെള്ള സംഭരണികൾ നിർമ്മിച്ചാൽ വെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം ലഭിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് ആയത് ചെയ്യുന്നുണ്ടെന്നും നിലവിലെ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞാൽ ജലത്തിന്റെ ആവശ്യം പതിന്മടങ്ങ് വർധിക്കുമെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത് മറുപടി നൽകി.

രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം കൂടുതലായതിനാൽ വാച്ചർമാരുടെ എണ്ണം വർധിപ്പിച്ചിട്ടുണ്ടെന്നും വൈകുന്നേരം ഇത്തരം ആളുകളെ നിയന്ത്രിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് എസ്.എഫ്.ഡി.എ. യോഗത്തിൽ പരാതികൾ ഉയർന്നുവന്നിരുന്നുവെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത് അറിയിച്ചു. സോളാർ ലൈറ്റ് സ്ഥാപിക്കുന്നത് ഫലപ്രദമായിരിക്കുമെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു.

Tent Accommodation KFDC (Kerala Forest Development Corporation)-യെ ഏൽപ്പിച്ചുകൂടെയെന്ന് സമിതി ആരാഞ്ഞതിന് Tent Accommodation വന സംരക്ഷണ സമിതിക്ക് നൽകുന്നതായിരിക്കും ഉചിതമെന്നും അതിലൂടെ അവർക്ക് വരുമാനമാർഗം ലഭിക്കുകയും ചെയ്യുമെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത് മറുപടി നൽകി.

കേരളത്തിലെ ടൂറിസ്റ്റ് സെന്ററുകളിലെല്ലാം ഒരേതരത്തിലുള്ള പ്രവർത്തികളാണ് കാണാൻ സാധിക്കുന്നതെന്നും അതിനാൽ ഇത്തരം സെന്ററുകളിൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന വ്യത്യസ്ഥമായ പദ്ധതികൾ കൊണ്ടുവരണമെന്നും ഓരോ ടൂറിസ്റ്റ് സെന്ററുകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയതിനുശേഷം പദ്ധതികൾ ആവിഷ്കരിക്കുന്നതായിരിക്കും ഉചിതമെന്നും സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന പദ്ധതികൾ കൊണ്ടുവന്നാൽ മാത്രമെ ടൂറിസം സെന്ററിന്റെ വരുമാനം വർധിപ്പിക്കാൻ സാധിക്കുകയുള്ളൂയെന്നും പ്രസ്തുത സ്ഥലങ്ങളിൽ പ്രാദേശിക ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം അവരുടെ വരുമാനത്തെ സംബന്ധിച്ചും വ്യക്തത വരുത്തണമെന്നും ടി മേഖലയിലേക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ നടപ്പാക്കണമെന്നും സമിതി നിരീക്ഷിച്ചു.

സൂര്യോദയം കാണുന്നതിനായി സന്ദർശകരെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും ആ സമയത്ത് ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന് വനം വകുപ്പ് മുൻകൈ എടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ സഞ്ചാരികൾക്ക് സൂര്യോദയം കാണാനുള്ള അനുവാദം നൽകാമെന്നും ടി ആവശ്യത്തിലേക്കായി വകുപ്പിലെ

ജീവനക്കാരെ റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്നും ഡി.എഫ്.ഒ., നിലമ്പൂർ സൗത്ത് അറിയിച്ചു.

ഇക്കോ ടൂറിസം സെന്ററിന്റെ പ്രവർത്തന സമയം മെയ് മാസം മുതൽ രാവിലെ അഞ്ച് മണി മുതൽ വൈകുന്നേരം ഏഴ് മണി വരെ ദീർഘിപ്പിക്കുന്നതിനും എസ്.എഫ്.ഡി.എ. ഫണ്ട് വിനിയോഗിച്ച് സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനും പ്രായമായ ആളുകളെ വ്യൂ പോയിന്റ് വരെ എത്തിക്കുന്നതിന് ഇലക്ട്രിക് വാഹനം ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കൂടാതെ ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായുള്ള വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ടും കൊടുകുത്തിമല ഇക്കോ ടൂറിസത്തിന്റെ സുസ്ഥിര വികസനത്തിന് വേണ്ടിയുള്ള പ്രൊപ്പോസലും സമർപ്പിക്കുന്നതിനോടൊപ്പം പി.പി.പി. മോഡൽ പദ്ധതി ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് അനുവാദം നൽകുന്നതിനായി സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശം നൽകി.

യോഗം രാവിലെ 10.30-ന് അവസാനിച്ചു. തുടർന്ന് സമിതി കൊടികുത്തിമല ഇക്കോ ടൂറിസം സെന്റർ സന്ദർശിക്കുകയും ടൂറിസം വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

(സന്ദർശനം ഉച്ചയ്ക്കുശേഷം 01.00 മണിക്ക് അവസാനിച്ചു.)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

സമിതിയുടെ 18.09.2025-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2025 സെപ്റ്റംബർ മാസം 18-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി അദ്ധ്യക്ഷൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ താഴെ സൂചിപ്പിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ആര്യാടൻ ഷൗക്കത്ത്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.
4. ശ്രീ. എ. രാജ, എം.എൽ.എ.
5. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗം:

ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി
2. ശ്രീ. പി. എസ്. സെൽവരാജൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. മിൻഹാജ് ആലം, പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
2. ശ്രീ. രാജേഷ് രവീന്ദ്രൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
3. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. പ്രമോദ് ജി. കൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിനിസ്ട്രേഷൻ) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ
5. ഡോ. പി. പുകഴേന്തി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്)
6. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇക്കോ-ഡെവലപ്മെന്റ് ആൻഡ് ട്രൈബൽ വെൽഫെയർ)

7. ഡോ. എൽ. ചന്ദ്രശേഖർ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്

8. ശ്രീമതി ബിന്ദു സി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

9. ശ്രീ. ജഗദീഷ് ഡി., അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്

10. ശ്രീമതി സൂസൻ ഗോപി, അഡീഷണൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

11. ശ്രീമതി വിജയശ്രീ എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

12. ശ്രീ. രാജീവ് കെ. എസ്., പ്ലാനിങ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്

13. ശ്രീ. പ്രേം ദാമോദരൻ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകൾ സമർപ്പിച്ച നടപടി റിപ്പോർട്ടുകൾ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. ബിൽ പരിഗണന

i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

(ഫയൽ നമ്പർ KLS/7730/2525/സബ്.സി.എഫ്.1)

നിയമസഭയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ 2025-ലെ കേരള വന (ഭേദഗതി) ബില്ലിൽ പൊതുവേ അംഗങ്ങൾക്ക് യോജിപ്പാണുള്ളതെങ്കിലും ചില അംഗങ്ങൾ ഒന്നുരണ്ട് വിഷയങ്ങളിൽ ചില സംശയങ്ങളും വിമർശനങ്ങളും ഉന്നയിച്ചിട്ടുണ്ടെന്നും അതിൽ പ്രധാനമായും വനം-വന്യജീവി വകുപ്പിലെ വാച്ചർ തസ്തികയെക്കുറിച്ചാണ് വിമർശനങ്ങൾ ഉയർന്നുവന്നിട്ടുള്ളതെന്നും തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്തപ്പോൾ വാച്ചർ തസ്തികയുടെ പേര് ഫോറസ്റ്റ് ഓഫീസർ എന്നാക്കി

മാറ്റുകയുണ്ടായെന്നും വനം വകുപ്പിലെ ഫോറസ്റ്റ് ഓഫീസർ എന്ന തസ്തികയിലെ ഉദ്യോഗസ്ഥർക്ക് വന കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പ്രതികളെ കസ്റ്റഡിയിലെടുക്കാനും അറസ്റ്റ് ചെയ്യാനുമുള്ള അധികാരമുണ്ടെന്നും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു.

നിലവിൽ വാച്ചർമാർക്ക് നൽകിയിരിക്കുന്ന അധികാരം ദുരുപയോഗം ചെയ്യാൻ സാധ്യതയില്ലേയെന്ന് സമിതിയംഗം ആരാഞ്ഞതിന് നിലവിലുള്ള കേന്ദ്ര നിയമത്തിലും വാച്ചർമാരുടെ ഈ അധികാരത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ടെന്ന് ചെയർപേഴ്സൺ അറിയിച്ചു.

വാച്ചർ എന്ന തസ്തിക നിലവിലെ നിയമത്തിൽ തന്നെയുള്ളതാണെന്നും ഫോറസ്റ്റ് ഓഫീസർ എന്ന നിർവചനത്തിൽ ചില തസ്തികകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നേരത്തെ ഫോറസ്റ്റ് ഓഫീസർക്ക് എന്തൊക്കെ അധികാരങ്ങൾ ഉണ്ടായിരുന്നോ അതെല്ലാംതന്നെ ഇപ്പോഴത്തെ നിയമത്തിലും വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും നിയമ വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു. ഇപ്പോഴത്തെ നിയമത്തിലും വനം വകുപ്പിലെ വാച്ചർമാക്ക് വന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ആളുകളെ അറസ്റ്റ് ചെയ്യാനുള്ള അധികാരമുണ്ടോയെന്ന് സമിതിയംഗം സംശയമുന്നയിച്ചതിന് അധികാരമുണ്ടെന്നും വനം വകുപ്പിലെ വാച്ചർമാർക്ക് അറസ്റ്റ് ചെയ്യാനുള്ള അധികാരം നിലവിലുള്ളതാണെങ്കിലും പൊതുവേ ഈ അധികാരം അവർ ഉപയോഗിക്കാറില്ലെന്നും നിയമ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

The Kerala Forest Act, 1961 -ന്റെ 63-ാം വകുപ്പിൽ വാച്ചർക്ക് അറസ്റ്റ് ചെയ്യാനുള്ള അധികാരത്തെ സംബന്ധിച്ച് വിശദമാക്കുന്നുണ്ടെന്ന് നിയമസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത നിയമത്തിലെ 63-ാം വകുപ്പിൽ പ്രതിപാദിക്കുന്ന 'Forest Officer' എന്ന നിർവചനത്തിൽ വാച്ചർ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് സമിതിയംഗം ആരാഞ്ഞതിന് The Kerala Forest Act, 1961 -ന്റെ 2-ാം വകുപ്പിലെ (c) ഉപവകുപ്പിൽ വാച്ചർ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് നിയമസഭാ സെക്രട്ടറി മറുപടി നൽകി.

ബില്ലിലെ ഖണ്ഡം 2-ൽ പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (സി) ഖണ്ഡത്തിൽ 'Watcher' എന്ന വാക്കിനുപകരം Watcher (Except for the purpose of arrest) എന്നാക്കി മാറ്റുന്നതാണ് ഉചിതമെന്നും അപ്പോൾ ഒരു വാച്ചറിന്

നിലവിലെ നിയമത്തിൽ പ്രതിപാദിക്കുന്ന പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള അധികാരം ഒഴികെ മറ്റ് എല്ലാ അധികാരങ്ങളും ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

2025-ലെ കേരള വന (ഭേദഗതി) ബില്ലിൽ താഴെപ്പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

1. ബില്ലിലെ ഖണ്ഡം 2-ൽ പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (സി) ഖണ്ഡത്തിൽ "Watcher" എന്ന വാക്കിനുപകരം "Watcher (except for the purpose of arrest)" എന്നീ വാക്കുകളും ബ്രാക്കറ്റും യഥാക്രമം ചേർക്കേണ്ടതാണ്.

2. ബില്ലിലെ ഖണ്ഡം 7-ൽ, പ്രധാന ആക്റ്റിലെ 68-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം ചേർക്കുന്ന (1)-ാം ഉപവകുപ്പ്

(എ) ഖണ്ഡത്തിൽ "section 62" എന്നതിന് മുൻപായി "section 47G," എന്ന വാക്കും അക്കങ്ങളും അക്ഷരവും കോമയും യഥാക്രമം ചേർക്കേണ്ടതാണ്.

(ബി) ഖണ്ഡത്തിൽ "section 62" എന്നതിന് മുൻപായി "section 47G," എന്ന വാക്കും അക്കങ്ങളും അക്ഷരവും കോമയും യഥാക്രമം ചേർക്കേണ്ടതാണ്.

ശ്രീ. സണ്ണി ജോസഫ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. ആര്യാടൻ ഷൗക്കത്ത് എന്നീ സമിതി അംഗങ്ങൾ പ്രസ്തുത ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് നൽകി.

ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

(ഫയൽ നമ്പർ KLS/7730/2525/സബ്.സി.എഫ്.1)

2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിലെ ചില പോരായ്മകളെക്കുറിച്ച് ശ്രീ. കാർത്തിക് ശ്രീധർ എന്നയാൾ നൽകിയ നിവേദനം സമിതി പരിഗണിയ്ക്കുകയും ഇതുസംബന്ധിച്ച മറുപടി നിവേദകന് നൽകാൻ തീരുമാനിക്കുകയും ചെയ്തു.

2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിൽ താഴെപ്പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

1. ബില്ലിലെ ഖണ്ഡം 2-ൽ, പ്രധാന ആക്റ്റിലെ 11-ാം വകുപ്പ് (1)-ാം ഉപ വകുപ്പിൽ ചേർക്കാൻ നിർദേശിച്ചിട്ടുള്ള ക്ലിപ്ത നിബന്ധനയിൽ, "therefore" എന്ന വാക്കിന് പകരം "therefor" എന്ന വാക്ക് ചേർക്കേണ്ടതാണ്.

2. ബില്ലിലെ ഖണ്ഡം 3-ൽ, പ്രധാന ആക്റ്റിലെ 62-ാം വകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (2)-ാം ഉപവകുപ്പിൽ,-

(i) "number" എന്ന വാക്കിനു പകരം "population" എന്ന വാക്ക് ചേർക്കേണ്ടതാണ്.

"(including standing crops on any land outside the boundaries of forests or protected areas)" എന്നീ വാക്കുകൾക്കും ബ്രാക്കറ്റിനും പകരം "(including standing crops on any land) outside the boundaries of forests or protected areas" എന്നീ വാക്കുകളും ബ്രാക്കറ്റും യഥാക്രമം ചേർക്കേണ്ടതാണ്.

ശ്രീ. സണ്ണി ജോസഫ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. ആര്യാടൻ ഷൗക്കത്ത് എന്നീ സമിതി അംഗങ്ങൾ പ്രസ്തുത ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് നൽകി.

2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവയിന്മേൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഭേദഗതി ഉൾപ്പെട്ട ബില്ലും ഭേദഗതി സംബന്ധിച്ച റിപ്പോർട്ടും 19.09.2025 ന് സഭയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

II. <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ</u>

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ. KLS/442/2025/സബ്.സി.എഫ്.1)

ഖണ്ഡിക നം. 1-17

11-09-2025 ലെ നം. ഡി3/232/2025/വനം, നമ്പർ കത്ത് പ്രകാരം വനം-വന്യജീവി (ഡി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 25-42

01-07-2025 ലെ നം. ടൂർ സി3/173/2024/ടൂർ, നമ്പർ കത്ത് പ്രകാരം വിനോദസഞ്ചാര (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

III. റിപ്പോർട്ടുകളുടെ പരിഗണന

1. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം.KLS/5175/2025/സബ്.സി.എഫ്.1/നി.സെ.)

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

2. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. KLS/442/2025/സബ്.സി.എഫ്.1)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

(യോഗം വൈകുന്നേരം 6.45-ന് പിരിഞ്ഞു.)

സമിതിയുടെ 15.01.2026 ലെ തേക്കടി സന്ദർശനത്തിന്റെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2026 ജനുവരി മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് തേക്കടി ബാംബൂ ഗ്രോവ് കളരി കോൺഫറൻസ് ഹാളിൽ സമിതി ചെയർ പേഴ്സൺ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന സമിതി അംഗങ്ങൾ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. ആര്യാടൻ ഷൗക്കത്ത്.
2. ശ്രീ. എ. രാജ .

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. മിൻഹാജ് അലം, പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
2. ശ്രീ. രാജേഷ് രവീന്ദ്രൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
3. ശ്രീ. പ്രമോദ് പി.പി., ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടർ, കോട്ടയം
4. ശ്രീ. കെ. എൻ. ശ്യാം മോഹൻലാൽ, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എ.ബി.പി. സർക്കിൾ
5. ശ്രീ. പി. യു. സാജു, ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ് ഡിവിഷൻ, തേക്കടി
6. ശ്രീ. സബി വർഗ്ഗീസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം & പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് കോർഡിനേറ്റർ)

7. ശ്രീമതി ലക്ഷ്മി ആർ., അസിസ്റ്റന്റ് ഫീൽഡ് ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്, തേക്കടി
8. ശ്രീ. സന്ദീപ് എസ്., ഡെപ്യൂട്ടി ഡയറക്ടർ. പെരിയാർ വെസ്റ്റ് ഡിവിഷൻ, തേക്കടി
9. ശ്രീ. സലിം പാർവിസ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
10. ശ്രീ. ശ്രീരഞ്ജിത്ത്, സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്

അജണ്ടയിലെ ആദ്യത്തെ ഇനമായി ഉൾപ്പെടുത്തിയ The Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Rules, 2026 എന്ന കരട് ചട്ടം സമിതി പരിഗണനയ്ക്കെടുക്കുകയും താഴെ പറയുന്ന ഭേദഗതികൾ സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഭേദഗതികൾ സമിതി അംഗീകരിക്കുകയും ചെയ്തു.

<u>ക്രമ നമ്പർ</u>

1. ചട്ടം 1 ന്റെ ശീർഷകത്തിൽ “Extent” എന്ന വാക്ക് ഒഴിവാക്കുക.

2. ചട്ടം 3(5) ലെ വ്യവസ്ഥ ഒഴിവാക്കുകയും ശേഷിക്കുന്ന ഉപചട്ടങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

3. ചട്ടം 3 (7) ൽ;

(i) “Scheme,”എന്നതിന് പകരം

“Scheme.” എന്നത് ചേർക്കുക

(ii) “Except” എന്നതിന് പകരം

“Aerial distance of five kilometers shall not be applicable to” എന്നത് ചേർക്കുക.

(iii) “V B, VII B” എന്നതിന് പകരം "VA, VII A” എന്നത് ചേർക്കുക.

4. ചട്ടം 9(1)(i)ൽ "PanchatRaj” എന്നതിന് പകരം "Panchayat Raj” എന്ന് ചേർക്കുക.

5. ചട്ടം. 10(1) ആയി " Any person issued with a licence under these Rules shall apply for renewal of the same, three months prior to the date of expiry of such licence, in accordance with the provisions of these Rules.” എന്നത് ചേർക്കുകയും അപ്രകാരം ചേർത്ത ശേഷം പ്രസ്തുത വ്യവസ്ഥയുടെ proviso ആയി "Provided that the applications for

renewal of licence received within three months from the date of expiry of the period of licence shall be considered after realising a late fee for each month/or part thereof as specified for the respective category in schedule B.” എന്നത് ചേർക്കുകയും ശേഷിക്കുന്ന ഉപചട്ടങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

6. ചട്ടം 10 (6)താഴെ പ്രകാരം മാറ്റുക;

“(6) where there is no change in the nature, character, legal status, or change in any other manner, in respect of the existing industrial unit applied for renewal of licence, the applicant shall, along with the application for licence, submit an affidavit stating that there is no such change in respect of the industrial unit. If any affidavit submitted is wrong or containing mistaken facts or suppressing any material facts, the license shall be liable to be cancelled unless otherwise decided by the State Level Committee.”

7. ചട്ടം 8 ഉപചട്ടം (1)(xi) ലെ "licencee” എന്നതിനു പകരം "licensee” എന്ന് ചേർക്കുക.

8. ഷെഡ്യൂൾ എ- യിൽ;

(i) 5-ാം നിരയിലെ ആദ്യ കോളത്തിൽ "V A” എന്നതിന് പകരം "V” എന്ന് ചേർക്കുക.

(ii) 6-ാം നിരയിലെ ആദ്യ കോളത്തിൽ "V B” എന്നതിന് പകരം "V A”എന്ന് ചേർക്കുക.

9. ഷെഡ്യൂൾ ബി-യിൽ ക്രമ നമ്പർ 3-ന് നേരെ കാണിച്ചിരിക്കുന്ന “2000.00” എന്നതിന് പകരം "3000.00”എന്ന് ചേർക്കുക.

10. Form No. X ൽ, രണ്ടാം നിരയിലെ രണ്ടാം കോളത്തിൽ "3” എന്നതിന് പകരം "2” എന്ന് ചേർക്കുകയും ശേഷിക്കുന്ന രണ്ടാം നിരയിലെ കോളങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

11. Form No. XI A യിൽ, രണ്ടാം നിരയിലെ രണ്ടാം കോളത്തിൽ "3” എന്നതിന് പകരം "2” എന്ന് ചേർക്കുക.

12. Form No. XI B യിൽ, രണ്ടാം നിരയിലെ രണ്ടാം കോളത്തിൽ "3” എന്നതിന് പകരം "2” എന്ന് ചേർക്കുക.

സമിതി അജണ്ടയിലെ രണ്ടാമത്തെ ഇനമായി ഉൾപ്പെടുത്തിയ പെരിയാർ ടൈഗർ റിസർവിലെ ഇക്കോടൂറിസം സംബന്ധിച്ച വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. പെരിയാർ ടൈഗർ റിസർവിൽ നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ വന്യജീവി സംരക്ഷണം, പരിസ്ഥിതി സുസ്ഥിരത, പ്രദേശ വാസികളുടെ ഉപജീവന മാർഗ്ഗങ്ങൾ എന്നിവ സംയോജിപ്പിക്കുന്നതിനുള്ള നയപരമായ ഇടപെടലുകൾ ആണെന്നും പ്രകൃതിയുടെ സ്വാഭാവികത നിലനിർത്തിയും പരിസ്ഥിതിക്ക് ദോഷം വരുത്താതെയും ഉത്തരവാദിത്തപരമായ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്നും ബഹു. ചെയർപേഴ്സൺ യോഗത്തിൽ അറിയിച്ചു.

സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം വനം വകുപ്പ് ഭൂമിയിൽ ഇക്കോ ടൂറിസം നടത്തുന്നതിനു വേണ്ടി തയ്യാറാക്കിയ ബിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ഇപ്പോൾ പെൻഡിങ്ങിൽ വച്ചിരിക്കുകയാണെന്നും വനഭൂമിയ്ക്കകത്തുള്ള കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ ബിൽ ടൂറിസം വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒരു തരത്തിലും തടസ്സമല്ലായെന്നുള്ള കാര്യങ്ങൾ ഉറപ്പു വരുത്തണമെന്നും ബഹു. ചെയർപേഴ്സൺ സമിതിയിൽ അറിയിച്ചു.

ഇത് സംബന്ധിച്ച് സൊസൈറ്റികളിൻമേൽ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആവശ്യമുണ്ടോ എന്നതാണ് പുതുതായി വന്ന ക്ലാരിഫിക്കേഷൻ എന്ന് നിയമവകുപ്പ് സെക്ഷൻ ഓഫീസർ യോഗത്തിൽ അറിയിച്ചു. സൊസൈറ്റികളിൽ സർക്കാരിന് നേരിട്ടൊരു നിയന്ത്രണം വരുന്നില്ല എന്നും സൊസൈറ്റികൾ സ്വതന്ത്ര സ്ഥാപനങ്ങൾ ആയതിനാൽ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ഉണ്ടാക്കിയാൽ ഈ സൊസൈറ്റികളിൽ ഗവൺമെന്റിന് ഒരു നിയന്ത്രണം വരുമെന്നും, ഈ സൊസൈറ്റിയുടെ കാര്യത്തിൽ എക്സിക്യൂട്ടീവ് ഓർഡർ ഇറക്കി നിയന്ത്രണം കൊണ്ടുവരാൻ സാധിക്കുമോ എന്നുള്ളതാണ് നിയമ വകുപ്പിലേക്ക് വിട്ട ക്വറി എന്നും സൊസൈറ്റിയുടെ കാര്യത്തിൽ എക്സിക്യൂട്ടീവ്

ഓർഡർ പ്രകാരം സർക്കാരിന് നടപടിയെടുക്കാം എന്നാണ് നിയമ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി എന്നും ബഹു. ചെയർപേഴ്സൺ സമിതിയിൽ അറിയിച്ചു.

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തത് പ്രകാരം നിയമനിർമ്മാണം നടത്തണമെന്ന് തീരുമാനിക്കുകയും ആ തീരുമാനം ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തുവെങ്കിലും, തുടർനടപടികൾ ഉണ്ടാകാത്തതിൽ കമ്മിറ്റി ഉത്കണ്ഠ പ്രകടിപ്പിക്കുകയും സാധ്യമാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഇക്കോടൂറിസം പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനു വേണ്ടി പ്രസ്തുത നിയമനിർമ്മാണം നടത്തുന്നത് പരിഗണിക്കണമെന്ന് വകുപ്പിനോട് വീണ്ടും ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

പെരിയാർ ടൈഗർ റിസർവിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീ. പ്രമോദ് പി. പി., ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടർ ഒരു പവർ പോയിന്റ് പ്രസന്റേഷൻ നടത്തുകയുണ്ടായി.

പ്രധാനപ്പെട്ട ആശയങ്ങൾ താഴെ കൊടുക്കുന്നു.

1. Eco-Development Committee (EDC)-കളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് -EDCs are community based groups formed with the participation of local and forest-dependant people living around the Periyar Reserve.

Common activities :-

- Eco-tourism initiatives
- Tree planting & forest protection
- Awareness programmes
- Skill development & self-employment
- Anti-poaching & fire prevention support

2. Community Based Eco Tourism (CEBT) - Eco tourism activities planned, managed, and operated by local communites, particularly those living in and around protected areas like the Periyar Tiger Reserve, in partnership with the Forest Department.

Key features:-

- Active participation of local committees
- Promotion of environmental conservation
- Sustainable livelihoods for forest-dependant people
- Protection of biodiversity and wildlife
- Tourism activities conducted with minimum ecological impact

സമിതി യോഗം ഉച്ചയ്ക്ക് 1.00 ന് അവസാനിച്ചു.

(വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

06-02-2026-ൽ കൂടിയ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ യോഗനടപടികളുടെ റിപ്പോർട്ട്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X, 2026 ഫെബ്രുവരി മാസം 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗങ്ങൾ

1 ശ്രീ. സി.കെ.ഹരീന്ദ്രൻ, എം.എൽ.എ

2 ശ്രീ.നജീബ് കാന്തപുരം, എം.എൽ.എ

3 ശ്രീ സണ്ണി ജോസഫ്, എം.എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ്

1 ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

2 ശ്രീ.ജോമി കെ.ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

3 ശ്രീമതി അനിത ഇ.,അണ്ടർ സെക്രട്ടറി

<u>**ഹാജരായ ഉദ്യോഗസ്ഥർ**</u>

1. ശ്രീ. മിൻഹാജ് ആലം, അഡീഷണൽ ചീഫ് സെക്രട്ടറി, ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് ഡിപ്പാർട്ടുമെന്റ്
2. ഡോ.പി.പുകഴേന്തി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫിനാൻസ്, ബഡ്ജറ്റ് &ഓഡിറ്റ്),വനം-വന്യജീവി വകുപ്പ്
3. ശ്രീ. സീറാം സാംബശിവ റാവു, സ്പെഷ്യൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
4. ശ്രീ. സുനിൽ പമിദി, ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്
5. ശ്രീ. സന്തോഷ് കുമാർ എൽ.ടി., അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
6. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
7. ശ്രീ.പി.സി. സാബു, അഡീഷണൽ സെക്രട്ടറി, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി
8. ശ്രീമതി ശ്രീകല എസ്.,ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
9. ഡോ.ശേഖർ എൽ കുര്യാക്കോസ്, ചീഫ് റെസിലിയൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേൻ മിഷൻ
10. ശ്രീമതി ജയലക്ഷമി.റ്റി.എം., ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
11. ഡോ.രതീഷ് മേനോൻ, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോള് ബോർഡ്
12. ഡോ.വി.ബാലകൃഷ്ണൻ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
13. ശ്രീ.കെ.എസ്.ജസ്റ്റിൻ സ്റ്റാൻലി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്), വനം-വന്യജീവി വകുപ്പ്
14. ശ്രീ.സാബി വർഗ്ഗീസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്), വനം-വന്യജീവി വകുപ്പ്
15. ശ്രീമതി സിജി എം.തങ്കച്ചൻ, ചീഫ് മാനേജർ, കേരള സ്റ്റേറ്റ്

ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ

16. ശ്രീമതി ലീന വി.എസ്., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

17. ശ്രീ.അഫ്സൽ അഹമ്മദ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റസ് (ബയോ ഡൈവേഴ്സിറ്റി സെൽ), വനം-വന്യജീവി വകുപ്പ്

18. ശ്രീ.മുഹമ്മദ് അൻവർ വൈ., അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോ ഡൈവേഴ്സിറ്റി സെൽ), വനം-വന്യജീവി വകുപ്പ്

19. ശ്രീമതി മിത്ര ജി., അസിസ്റ്റന്റ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

20. ശ്രീമതി ജയലക്ഷ്മി ഒ., അണ്ടർ സെക്രട്ടറി,ധനകാര്യ വകുപ്പ്

സമിതി, 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട XXXIV, പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട XVII, XX, XXXIV എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXXIV - വനം

പ്ലാൻ

2406-01-003-97 - <u>മാനവശേഷി വികസനം</u>

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ

1. മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും മതിയായ പരിശീലനത്തിലൂടെയും വനം വകുപ്പിന്റെ ശാക്തീകരണമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50

ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-004-92 - **വിഭവ ആസൂത്രണവും ഗവേഷണവും**

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

2. ഫോറസ്റ്റ് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിനും ഈ വിഭാഗത്തിനു കീഴിൽ നടന്നു വരുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾക്കുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 64 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-101-81 – **വന സംരക്ഷണം**

ബഡ്ജറ്റ് വിഹിതം - 25 കോടി രൂപ

3. വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ആധുനികവത്ക്കരിക്കൽ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തൽ തുടങ്ങിയവയ്ക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-101-78 -**സാമൂഹിക വന വിപുലീകരണവും കാർഷിക വനവൽക്കരണവും**
(01)- വനവിപുലീകരണം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

4. സാമൂഹിക വന വിപുലീകരണത്തിന്റെ ഭാഗമായുള്ള തൈ ഉൽപ്പാദനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റി,

വിദ്യാവനം, നഗര വനം, ഫോറസ്ട്രി ക്ലബ്, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി, വഴിയോര തണൽ, തീരവനം, ബയോഡൈവേഴ്സിറ്റി കൺസർവേഷൻ പ്രവർത്തനങ്ങൾ, ബയോഡൈവേഴ്സിറ്റി പാർക്ക്, ബട്ടർഫ്ലൈഗാർഡൻ, തീരദേശ പുനഃസ്ഥാപന പരിപാടി, ഔഷധത്തോട്ടം, ബാംബൂസെറ്റം, അർബൻ ഫോറസ്ട്രി എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-101-76 – <u>പരിസ്ഥിതി പുനഃസ്ഥാപനം</u>

ബഡ്ജറ്റ് വിഹിതം - 31 ലക്ഷം രൂപ

5. വന്യജീവികളുടെ ആവാസവ്യവസ്ഥ പുഷ്ടിപ്പെടുത്തൽ, അധിനിവേശ സസ്യവർഗ്ഗങ്ങളുടെ ഉന്മൂലനം, കാട്ടുതീ, മണ്ണൊലിപ്പ് തടയൽ. പ്രസക്തമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണം എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനഃപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 69 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-800-57 – <u>ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രഫിക്കൽ വിവര സമ്പ്രദായവും</u>

ബഡ്ജറ്റ് വിഹിതം - 1.5 കോടി രൂപ

6. വനം വകുപ്പിന്റെ സേവനങ്ങളിലും കണക്റ്റിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന പ്രവർത്തികൾക്കായും ജീവനക്കാർക്കുള്ള വിവിധ ട്രെയിനിംഗുകളുടെ നടത്തിപ്പ് തുടങ്ങിയവയ്ക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി

രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-02-110-68 - **ജൈവവൈവിധ്യ സംരക്ഷണം**

34- **മറ്റു ചെലവുകൾ**

ബഡ്ജറ്റ് വിഹിതം : 5.97 കോടി രൂപ

7. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടേയും ജന്തുജാലങ്ങളുടെയും സംരക്ഷണം, പരിസ്ഥിതി വികസന പ്രവൃത്തികൾ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.03 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-02-110-48 -**പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണകേന്ദ്രം**

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

8. മൃഗങ്ങളുടെ പരിപാലനത്തിനും ഓഫീസ് ചെലവുകൾക്കും അറ്റകുറ്റപണികൾക്കും ഹെർബിവോർ സഫാരിക്കായും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-02-110-29 - **കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം**

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ

9. ആനകളുടെ പരിപാലന ചെലവ്, ഓഫീസ് ചെലവുകൾ, അറ്റകുറ്റപണികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നീക്കിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം

വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4406-01-101-99 - <u>വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും)</u>
01 – <u>വനസംരക്ഷണം</u>
ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ

10. വനാതിർത്തികളുടെ സർവ്വേയും ഡിജിറ്റലൈസേഷനും പൂർത്തീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനികവത്ക്കരിക്കുന്നതിനുമായി നീക്കിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4406-01-105-87 - <u>തോട്ടങ്ങളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കൽ</u>
01- <u>വന്മരത്തോട്ടങ്ങൾ</u>
ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

11. അന്തിമവെട്ട് പൂർത്തിയാക്കിയ സ്ഥലങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക, നട്ടുപിടിപ്പിച്ച തോട്ടങ്ങൾ പരിപാലിക്കുക തുടങ്ങിയവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4406-01-800-91 - <u>പരിസ്ഥിതി വിനോദസഞ്ചാരം</u>

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

12. നിലവിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ആധുനികവത്ക്കരണം ഈ കേന്ദ്രങ്ങളെ മറ്റുള്ളവയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്യൂട്ടുകൾ രൂപപ്പെടുത്തൽ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.

ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നോൺപ്ലാൻ

2406-01-105-99—സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പൽപ്പന്നങ്ങളും സംഭരിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ

13. പ്രായമെത്തിയ തേക്ക് ഉൾപ്പെടെയുള്ളവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ, കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ പ്രവർത്തികൾക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-105-94— കന്നുകാലികൾ

ബഡ്ജറ്റ് വിഹിതം : 8 കോടി രൂപ

14. വനം വകുപ്പ് വിവിധ സ്ഥലങ്ങളിലായി സംരക്ഷിക്കുന്ന കടുവകൾ, ആനകൾ, പുള്ളിമാൻ തുടങ്ങിയവയ്ക്കുള്ള തീറ്റ, ആരോഗ്യപരിപാലനം, ഇവയെ പരിപാലിക്കുന്ന ജീവനക്കാർക്കുള്ള വേതനം തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-800-92— വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

ബഡ്ജറ്റ് വിഹിതം : 2.2 കോടി രൂപ

15. വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള 31.01.2026 വരെയുള്ള അപേക്ഷകളിന്മേലുള്ള ആശ്വാസധനം കൊടുത്തുതീർക്കുന്നതിന് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.8 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഹുമാനപ്പെട്ട അംഗങ്ങൾ നിർദ്ദേശിച്ച താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പൊതുശിപാർശയായി ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

1. വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കാർഷിക വിളനാശത്തിനുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നഷ്ടപരിഹാര നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതു സംബന്ധിച്ച ഭരണപരവും നിയമപരവുമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2. വന്യജീവി ആക്രമണങ്ങൾക്കിരയായി ദീർഘകാലം ചികിത്സയിൽ കഴിയേണ്ടി വരുന്ന വ്യക്തികൾക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനു പുറമേ തുടർ ചികിത്സയ്ക്കായി സമഗ്രമായ ഒരു പാക്കേജ് നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3. ഇക്കോ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ബോർഡ് രൂപീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ ഭരണപരവും നിയമപരവുമായ നടപടി ത്വരിതപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ —XVII
പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്
പ്ലാൻ

3435-03-102-87—കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ

16. പത്ത് ജില്ലകളിലേയും ബോധവൽക്കരണ പരിപാടികൾ, Shoreline Management Plan തയ്യാറാക്കൽ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 94 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3435-04-104-99—സ്റ്റേറ്റ് എൻവിറോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി **(എസ്.ഇ.ഐ.എ.എ)**

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ **(പ്ലാൻ)**

17. SEIAA കേരളയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു..

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
പ്ലാൻ

3435-04-188-99—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ

18. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പൊതുജന ബോധവൽക്കരണം, Environmental Compliance ഉറപ്പാക്കൽ തുടങ്ങിയവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1 കോടി രൂപ

അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ—XXXIV

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
നോൺ പ്ലാൻ

2406-02-188-99-31—കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് സഹായധനം-ശമ്പളം ***-1.375*** കോടി രൂപ

2406-02-188-99-36 – **സഹായധം - ശമ്പളേതരം -19.25 ലക്ഷം രൂപ**

19. നിലവിൽ ശമ്പള ശമ്പളേതര ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ യഥാക്രമം 99.02 ലക്ഷം, 28.40 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു

(വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

11.02.2026-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X, 2026 ഫെബ്രുവരി മാസം 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗങ്ങൾ

1. ശ്രീ. എൽദോസ് പി. കുന്നപിള്ളിൽ
2. ശ്രീ. നജീബ് കാന്തപുരം

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ബിജു കെ., സെക്രട്ടറി, പൊതുമരാമത്ത് & വിനോദസഞ്ചാര വകുപ്പ്
2. ശ്രീ. ശ്രീരാജ് എസ്. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. ബിനു കെ., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. രാജീവ് കെ. എസ്., പ്ലാനിങ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്

സമിതി 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട XLII ധനാഭ്യർത്ഥന സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

പ്ലാൻ

3452-01-102-95 — **പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം**
ബഡ്ജറ്റ് വിഹിതം : 1.9 കോടി രൂപ

1. ഇക്കോടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-104-99—**പരിസ്ഥിതി സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും**
ബഡ്ജറ്റ് വിഹിതം : 29 കോടി രൂപ

2. വിദേശ-തദ്ദേശീയ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ സാംസ്കാരികോത്സവങ്ങളും വിവിധങ്ങളായ സാഹസിക വിനോദ പ്രവർത്തനങ്ങളും നടത്തുന്നതിലേക്കായുള്ള ധനസഹായം വിതരണം ചെയ്യുന്നതിലേക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-104-98—**വിപണനം**
34 (03) മറ്റ് ചെലവുകൾ - മറ്റിനം
ബഡ്ജറ്റ് വിഹിതം : 85 കോടി രൂപ

3. തദ്ദേശ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ രാഷ്ട്ര-അന്താരാഷ്ട്ര തലത്തിലുള്ള വിപണന ക്യാമ്പയിൻ നടത്തുന്നതിനും പുതിയ മാർക്കറ്റുകൾ കണ്ടെത്തി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള ക്യാമ്പയിൻ നടത്തുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-104-91— **ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും (ഡി.റ്റി.പി.സി) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളും (ഡി.എം.സി)**
ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ

4. ഈ ശീർഷകത്തിൽ സ്പിൽ ഓവറായി വരുന്ന പ്രവൃത്തികൾക്കായി അനുവദിച്ചിരിക്കുന്ന തുക മുൻവർഷത്തേക്കാൾ പരിമിതമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-800-20—**ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം**

ബഡ്ജറ്റ് വിഹിതം : 10.46 കോടി രൂപ

5. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് ശീർഷകത്തിൽ അനുദിച്ചിട്ടുള്ള തുക പരിമിതമാണ്. അടുത്ത വർഷത്തെ ബോട്ട് റേസ് ലീഗ് നടത്തുന്നതിനും മുൻ വർഷങ്ങളിലെ സ്പിൽ ഓവർ ബില്ലുകൾ അനുവദിക്കുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5452-01-101-99—**അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും**

34(3)- മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 159 കോടി രൂപ

6. സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും, നിലവാരം മെച്ചപ്പെടുത്തുന്നതിനും, വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5452-01-101-86—**അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും**

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ

7. ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ ഗസ്റ്റ് ഹൗസിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും വിവിധ യാത്രി നിവാസിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5452-01-190-99— **കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ**

ബഡ്ജറ്റ് വിഹിതം : 14.1 കോടി രൂപ

8. നിലവിലെ പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രസ്തുത തുക പരിമിതമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5452-01-800-84—**മുസിരിസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി**

ബഡ്ജറ്റ് വിഹിതം : 14 കോടി രൂപ

9. തലശ്ശേരി പൈതൃക പദ്ധതി, മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തിരുവിതാംകൂർ പൈതൃക പദ്ധതി എന്നീ പ്രവർത്തികൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നോൺ പ്ലാൻ

3452-01-103-99—**ഗതാഗതം**

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

21(2)- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും : 1.2 കോടി രൂപ

45 – പി.ഒ.എൽ : 2.1945 കോടി രൂപ

10. ടൂറിസം വകുപ്പിന് കീഴിൽ വി.ഐ.പി.-കൾ, വി.വി.ഐ.പി.-കൾ എന്നിവർക്കുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക പുതുക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരേ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-01-103-99-21(2)-**മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും - 50 ലക്ഷം രൂപ**

3452-01-103-99-45 -**പി.ഒ.എൽ - 90 ലക്ഷം രൂപ**

3452-80-001-96 –**ജില്ലാ ഓഫീസുകൾ**

06 - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ

11. ജില്ലാ ഓഫീസുകളുടെ കരം ഒടുക്കാനുള്ള കെട്ടിട നികുതിയിനത്തിലെ ചെലവുകൾക്കായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-001-95 –**ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും**

05(4)-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 60.15 ലക്ഷം രൂപ

12. സർക്കാർ ഗസ്റ്റ് ഹൗസുകളുടെയും യാത്രീനിവാസുകളുടെയും പെറ്റി ചെലവുകളും, ലോൺട്രി ചെലവുകൾക്കുമായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-001-95 –**ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും**

06 - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ

13. ഒരു വർഷത്തേക്ക് വിവിധ അതിഥി മന്ദിരങ്ങളും യാത്രീനിവാസുകളിലേയ്ക്കും കെട്ടിട നികുതി ഇനത്തിൽ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-800-22-**വി.വി.ഐ.പി.സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ**

ബഡ്ജറ്റ് വിഹിതം : 1.2 കോടി രൂപ

14. വി.വി.ഐ.പി.-കളുടെ സംസ്ഥാന സന്ദർശനത്തോടനുബന്ധിച്ച ചെലവുകൾകൾക്കും കഴിഞ്ഞ വർഷത്തെ വി.വി.ഐ.പി കളുടെ സന്ദർശനം സംബന്ധിച്ച ബില്ലുകൾ കൊടുത്തു തീർക്കാനുമായി നിലവിൽ വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3.15 ന് അവസാനിച്ചു.

(വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

19.02.2026-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2026 ഫെബ്രുവരി മാസം 19-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ ബഹു. സമിതി ചെയർപേഴ്സൺ, ബഹു. വനം വന്യ-ജീവി വകുപ്പ് മന്ത്രി ശ്രീ.എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1 ശ്രീ. സി.കെ ഹരീന്ദ്രൻ, എം.എൽ.എ

2 ശ്രീ. പി.എസ് സുപാൽ, എം.എൽ.എ

വീഡിയോ കോൺഫറൻസിങ് വഴി ഹാജരായ അംഗങ്ങൾ

1. ശ്രീ. എൽദോസ് കുന്നപ്പിള്ളിൽ, എം.എൽ.എ
2. ശ്രീ. എം.മുകേഷ് , എം. എൽ. എ
3. ശ്രീ. നജീബ് കാന്തപുരം, എം. എൽ. എ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി. അനിത ഇ., അണ്ടർ സെക്രട്ടറി

2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട്

(KLS 475/2026-സബ് സി എഫ് 1)

2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിലെ 1 മുതൽ 33 വരെയുള്ള ശിപാർശകൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും പൊതു ശിപാർശകൾ ചുവടെ കൊടുത്തിട്ടുള്ള ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ചെയ്തു.

പൊതു ശിപാർശ നമ്പർ -1

"വന്യജീവി ആക്രമണം മൂലം ഉണ്ടാകുന്ന കാർഷികവിളനാശത്തിനുള്ള നഷ്ടപരിഹാരം നിർണയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നഷ്ടപരിഹാര നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്നത്

"വന്യജീവി ആക്രമണം മൂലം ഉണ്ടാകുന്ന കാർഷികവിളനാശത്തിനുള്ള നഷ്ടപരിഹാരം നിർണയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നഷ്ടപരിഹാര നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.ആയത് സംബന്ധിച്ച ഭരണപരവും നിയമപരവുമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്ന് ഭേദഗതി വരുത്താൻ സമിതി തീരുമാനിച്ചു.

<u>പൊതു ശിപാർശ നമ്പർ -2</u>

"വന്യജീവി ആക്രമണങ്ങൾക്കിരയായി ദീർഘകാലം ചികിത്സയിൽ കഴിയേണ്ടിവരുന്ന വ്യക്തികൾക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്നത് "വന്യജീവി ആക്രമണങ്ങൾക്കിരയായി ദീർഘകാലം ചികിത്സയിൽ കഴിയേണ്ടി വരുന്ന വ്യക്തികൾക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് പുറമേ തുടർ ചികിത്സയ്ക്കായി സമഗ്രമായ ഒരു പാക്കേജ് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്ന് ഭേദഗതി വരുത്താൻ സമിതി തീരുമാനിച്ചു.

<u>പൊതു ശിപാർശ നമ്പർ -3</u>

പൊതു ശിപാർശകളിൽ മൂന്നാമതായി "സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി (നവകിരണം)ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് . സാമ്പത്തിക പരിമിതി മൂലം ആയത് പൂർണ്ണമായും തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല . ആയതിനാൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു." എന്നത് ഉൾപ്പെടുത്താനും നിലവിൽ പൊതുശിപാർശകളിൽ മൂന്നാമതായി ഉൾപ്പെടുത്തിയിട്ടുള്ളത് പൊതു ശിപാർശ നമ്പർ-4 എന്ന് പുനരക്കം ചെയ്യാനും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.